# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ:1029

30.10.2019-ലെ മറുപടി

ജപ്പാൻ കുടിവെള്ള പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.പി.ടി.എ. റഹീം | | കെ. കൃഷ്ണൻ കുട്ടി<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | കോഴിക്കോട് ജില്ലയിൽ ജപ്പാൻ കുടിവെള്ള പദ്ധതിയിലുൾപ്പെടാത്ത എത്ര പഞ്ചായത്തുകളുണ്ടെന്ന് വിശദമാക്കാമോ; | (എ) | കോഴിക്കോട് ജില്ലയിൽ ജപ്പാൻ കുടിവെള്ള പദ്ധതിയിൽ ഉൾപ്പെടാത്ത 57 പഞ്ചായത്തുകളുണ്ട് . |
| (ബി) | പ്രസ്തുത ജില്ലയിലെ ജപ്പാൻ കുടിവെള്ള പദ്ധതിയിലുൾപ്പെടാത്ത ചാത്തമംഗലം, മാവൂർ എന്നീ ഗ്രാമപഞ്ചായത്തുകളിൽ കുടിവെള്ളം ലഭ്യമാക്കാൻ വേണ്ടി പൈപ്പ് ലൈനുകൾ നീട്ടുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ; | (ബി) | മാവൂർ പഞ്ചായത്തിന് വേണ്ടി കൂളിമാട് വാട്ടർ ട്രീറ്റ്മെന്റ് പ്ലാൻറിൽ നിന്നും ജലവിതരണം നടത്തി വരുന്നു. ചാത്തമംഗലം പഞ്ചായത്തിനു വേണ്ടി നിലവിലുള്ള ചാത്തമംഗലം സ്കീമിൽ നിന്നും ജലവിതരണം നടത്തിവരുന്നു. ഈ രണ്ട് പഞ്ചായത്തുകളിലും പുതിയ വിതരണ ശൃംഖലയും ഉള്ളവ മെച്ചപ്പെടുത്തുന്ന പ്രവർത്തി കൂടി ഇപ്പോൾ വിഭാവനം ചെയ്തിരിക്കുന്ന "മുക്കം, കൊടുവള്ളി മുനിസിപ്പാലിറ്റികൾക്കും സമീപ പഞ്ചായത്തുകൾക്കും കൂടിയുള്ള ശുദ്ധജല വിതരണ പദ്ധതിയിൽ" ഉൾപ്പെടുത്തിയിട്ടുണ്ട് . ഇതിന്റെ വിശദമായ എൻജിനിയറിങ് റിപ്പോർട്ട് 123 കോടി രൂപയുടേതാണ് . RKI-യുടെ ഒന്നാം ഗഡുവിൽ വാട്ടർ റിസോഴ്സസ് വകുപ്പിന് 400 കോടി രൂപയുടെ പദ്ധതികൾക്ക് അനുമതി പ്രതീക്ഷിക്കുന്നതിൽ കേരള ജല അതോറിറ്റിക്കു വകയിരുത്തിയിട്ടുള്ളത് 256.6 കോടി രൂപയാണ് . RKI-യുടെ ഒന്നാം ഗഡുവിൽ രൂക്ഷമായി പ്രളയം ബാധിച്ച ഏഴ് ജില്ലകളിലെ പദ്ധതികൾ മാത്രമാണ് പരിഗണിച്ചത് . ഇൻവെസ്റ്റ്മെന്റ് പ്ലാൻ തയാറാക്കിയപ്പോൾ ഉല്പാദന ഘടകങ്ങൾ |

| ചോദ്യം | | മറുപടി | |
|---|---|---|---|
| | | | പൂർത്തിയായതും വിതരണ ശൃംഖല മതിയായ രീതിയിൽ ഇല്ലാത്തതും ഒട്ടും ഇല്ലാത്തതുമായ 128 പദ്ധതികൾ കേരള വാട്ടർ അതോറിറ്റി കണ്ടെത്തിയിട്ടുണ്ട്. ഇവ പൂർത്തീകരിയ്ക്കുന്ന മുറയ്ക്ക് പദ്ധതിയുടെ തുടർ നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിയ്ക്കുന്നതാണ്. |
| (സി) | ചാത്തമംഗലം ഗ്രാമപഞ്ചായത്തിലെ എൻ.സി.പി.സി കുടിവെള്ള പദ്ധതിയുടെ പൈപ്പ് ലൈൻ നീട്ടൽ പദ്ധതിക്ക് ഭരണാനുമതി ലഭ്യമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (സി) | പ്രസ്തുത പദ്ധതിയ്ക്ക് ഒരു കോടി രൂപയുടെ വിശദമായ എഞ്ചിനീയറിങ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട് . അനുബന്ധ നടപടികൾ സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**